**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 151** **27-01-2026-ൽ മറുപടിയ്ക്ക്**

**തടവുകാരുടെ ദിവസവേതനം വർദ്ധിപ്പിച്ചതിന്റെ നിരക്കുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീമതി കെ. കെ. രമ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ജയിലെ തടവുകാരുടെ ദിവസവേതനം വർദ്ധിപ്പിച്ചതിന്റെ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**മറുപടി:** സംസ്ഥാനത്തെ ജയിലുകളിൽ തൊഴിലെടുക്കുന്ന അന്തേവാസികളുടെ പ്രതിമാസ വേതനം ചുവടെപ്പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.
അൺ സ്കിൽഡ് - 530 രൂപ
സെമി സ്കിൽഡ് - 560 രൂപ
സ്കിൽഡ് - 620 രൂപ

**(ബി)** തടവുകാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ആധികാരിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏത് പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിലവിലെ നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത്;

**മറുപടി:** സംസ്ഥാനത്തെ ജയിലുകളിലെ അന്തേവാസികൾക്ക് നൽകി വരുന്ന വേതനം ഉയർത്തുന്നതിനായി, മറ്റ് സംസ്ഥാനങ്ങളിലെ ജയിലുകളിലെ അന്തേവാസികൾക്ക് നൽകി വരുന്ന വേതനം ഉൾപ്പെടെയുള്ള വിവരങ്ങൾ സഹിതം ജയിൽ വകുപ്പ് മേധാവി ശിപാർശ സമർപ്പിച്ചിരുന്നു. കഴിഞ്ഞ ഏഴ് വർഷമായി സംസ്ഥാനത്ത് തടവുകാരുടെ വേതനം പരിഷ്കരിക്കാത്ത സാഹചര്യവും മറ്റ് പല സംസ്ഥാനങ്ങളിലെയും ഉയർന്ന വേതന നിരക്കുകളും പരിഗണിച്ച്, പരിവർത്തനം വന്ന തടവുകാർക്ക് ശിക്ഷാ കാലാവധിക്ക് ശേഷം സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള ചെറിയ സമ്പാദ്യം ഉറപ്പാക്കുന്നതിലൂടെ അവർ വീണ്ടും കുറ്റകൃത്യങ്ങളിലേക്ക് വഴുതിപ്പോകാതെ പുനരധിവസിപ്പിക്കുന്നതിനും കാലാനുസൃതമായ വർധനവ് അനിവാര്യമാണെന്ന് കണ്ടതിനാലാണ് നിലവിലെ വേതനം വർധിപ്പിച്ച് ഉത്തരവിറക്കിയത്.

**(സി)** തടവുകാരുടെ ദിവസവേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആരാണ് ശിപാർശ നൽകിയതെന്നും ഇത് സംബന്ധിച്ച് ജയിൽ വകുപ്പ് നൽകിയ ശിപാർശയിൽ ആവശ്യപ്പെട്ടിരുന്ന നിരക്കുകളുടെ ഇനം തിരിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ;

**മറുപടി:** 02.04.2024-ലെ WP1-2420/2024/Prhq നമ്പർ കത്തിലൂടെ വേതന വർദ്ധനവിന് ജയിൽ വകുപ്പ് ശിപാർശ നൽകിയിരുന്നു. 2018 കാലയളവിലാണ് അവസാനമായി വർദ്ധനവ് വരുത്തിയത്

എന്നതിനാൽ ചുവടെ ചേർക്കുന്ന നിരക്കുകൾ ജയിൽ വകുപ്പ് ശിപാർശ ചെയ്തിരുന്നു:

Apprentice – 63 രൂപയിൽ നിന്നും 94.5രൂപയും

Basic – 127 രൂപയിൽ നിന്നും 190.50 രൂപയും

Skilled – 152 രൂപയിൽ നിന്നും 228 രൂപയും

Extra – 168 രൂപയിൽ നിന്നും 252 രൂപയും

Extra (open prison) – 230 രൂപയിൽ നിന്നും 345 രൂപയും ആക്കണമെന്നാണ് ശിപാർശ ചെയ്തിരുന്നത്.

**(ഡി)** ഇപ്പോൾ വരുത്തിയിട്ടുള്ള വരുമാന വർദ്ധനവ് സർക്കാരിന് ലഭിച്ച ശിപാർശയിലെ നിരക്കുകളേക്കാൾ അധികമാണോ; എങ്കിൽ ഈ അധിക വർദ്ധനവ് വരുത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** 17/05/2018 തീയതിയിലെ സ.ഉ(കൈ) നം.87/2018/Home എന്ന ഉത്തരവിൻ പ്രകാരം ജയിലുകളിലെ അടിസ്ഥാന വേതനം 127 രൂപയായും അധിക ജോലിക്ക് ഉൾപ്പെടെ വേതനം 168 രൂപയായും സ്കിൽഡ് തടവുകാരുടെ അടിസ്ഥാന വേതനം 152 രൂപയായും അപ്രന്റീസ് വേതനം 63 രൂപയായും സർക്കാർ വർധിപ്പിച്ചിരുന്നു. 2018 ന ശേഷം വേതനം വർധിപ്പിച്ചിട്ടില്ല. കേരളത്തിൽ ജയിൽ അന്തേവാസികളുടെ വേതനം കഴിഞ്ഞ ഏഴ് വർഷമായി പുതുക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കാലോചിതമായ വർധനവ് വരുത്താവുന്നതാണെന്നു ചൂണ്ടിക്കാട്ടി ജയിൽ മേധാവി സർക്കാരിലേയ്ക്ക് പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

രാജ്യത്തെ ജയിലുകളിൽ പൊതുവെ സ്കിൽഡ്, സെമി-സ്കിൽഡ്, അൺ-സ്കിൽഡ് എന്നിങ്ങനെ മൂന്ന് തരത്തിലുള്ള വേതന ഘടന പ്രാബല്യത്തിലുള്ളപ്പോൾ സംസ്ഥാനത്തെ ജയിലുകളിൽ ആറ് വ്യത്യസ്ത വേതന ഘടനകളാണ് നിലവിലുണ്ടായിരുന്നത്. കൂടാതെ, കർണാടക, ജാർഖണ്ഡ്, തമിഴ്നാട്, ഡൽഹി എന്നിങ്ങനെ മറ്റ് പല സംസ്ഥാനങ്ങളിലെ വേതനനിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ജയിൽ അന്തേവാസികൾക്ക് നൽകിവന്നിരുന്ന വേതനം വളരെ കുറവുമായിരുന്നു.

ജയിലിൽ തൊഴിൽ ചെയ്യുന്ന എല്ലാ തടവുകാർക്കും-കഠിനതടവിന് വിധിക്കപ്പെട്ടവരടക്കം-ന്യായമായ വേതനം നൽകണമെന്നത് ഭരണഘടനാപരമായ തത്ത്വമാണെന്നും വേതനനിർണ്ണയം മാനുഷികവും യുക്തിസഹവുമായ മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും ബഹു. സുപ്രീം കോടതി അഭിപ്രായപ്പെട്ടിരുന്നു.

മേൽ വസ്തുതകൾ പരിഗണിച്ചും നിലവില സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളും അന്തേവാസികളുടെ സുരക്ഷ, തെറ്റുതിരുത്തൽ, മാനസിക പരിവർത്തനം, പുനരധിവാസം, കുടുംബത്തിന്റെ ആവശ്യം എന്നിവ യാഥാർത്ഥ്യമാക്കി അവരെ സ്വയംപര്യാപ്തരായി സമൂഹത്തിലേക്ക് മടക്കി അയക്കുക എന്ന ജയിൽ വകുപ്പിന്റെ ദൗത്യം മുൻനിർത്തിയുമാണ് സ്കിൽഡ്, സെമി സ്കിൽഡ്, അൺ-സ്കിൽഡ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി സംസ്ഥാനത്തെ ജയിലുകളിലെ വേതന ഘടന ഏകീകരിച്ച് സ.ഉ.(കൈ) നം.5/2026/ആഭ്യന്തരം തീയതി 09.01.2026 പ്രകാരം ഉത്തരവായിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**